ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

E-mail: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 23625/എച്ച്.കെ.ബി3 /2017/നി.സെ

തിരുവനന്തപുരം
08/06/2018

## ക്വട്ടേഷൻ പരസ്യം

കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ ട്രാഫിക്ക് നിയന്ത്രണത്തിനായി ട്രാഫിക്ക് കോൺ ( 25 എണ്ണം ), സ്പീഡ് ബ്രേക്കർ ( 5 എണ്ണം ) എന്നിവ ലഭ്യമാക്കുന്നതിനായി മുദ്ര വച്ച കവറുകളിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. സമർപ്പിക്കുന്ന ക്വട്ടേഷൻ കവറുകളുടെ മുകളിൽ ' നിയമസഭാ സെക്രട്ടേറിയറ്റിലേക്ക് ട്രാഫിക്ക് നിയന്ത്രണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ ' എന്ന് രേഖപ്പെടുത്തേണ്ടതാണ്.

സപ്ലൈ ചെയ്യുന്ന ട്രാഫിക്ക് നിയന്ത്രണ സാമഗ്രികളുടെ വില രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ 25/06/2018 രാവിലെ 11.00 മണിക്ക് മുമ്പായി ' അണ്ടർ സെക്രട്ടറി, ഹൗസ് കീപ്പിംഗ്, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം ' എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. അന്നേ ദിവസം 3.00 മണിക്ക് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതാണ്.

ക്വട്ടേഷനുകൾ അംഗീകരിച്ചു ലഭിക്കുന്ന സ്ഥാപനം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ട്രാഫിക്ക് നിയന്ത്രണ സാമഗ്രികൾ നിയമസഭാ സമുച്ചയത്തിൽ എത്തിച്ചു തരേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്ന ദിവസം അവധിയാകാൻ ഇടയായാൽ അടുത്ത പ്രവർത്തി ദിവസം ക്വട്ടേഷൻ പരിശോധിച്ച് സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷൻ യാതൊരു കാരണവും കാണിക്കാതെ മാറ്റി വയ്ക്കുന്നതിനോ നിരസിക്കുന്നതിനോ ഉപേക്ഷിക്കുന്നതിനോ ഉള്ള അധികാരം നിയമസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

ജേക്കബ്.വിഎ,
അണ്ടർ സെക്രട്ടറി (ഹൗസ് കീപ്പിംഗ്),
സെക്രട്ടറിക്കു വേണ്ടി.

പകർപ്പ് :-

1. ഐ ടി വിഭാഗം
2. ഫയൽ പകർപ്പ്.
3. കരുതൽ ഫയൽ.